എം.ഐ.റ്റി. -5/8303/റ്റി.സി/2012

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ ]

തീയ്യതി: 16/4/2016

പ്രേക്ഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്സർ മാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്സർ മാരും

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് – ക്യാമറാനിരീക്ഷണ സംവിധാനം വഴിനൽകിയിട്ടുള്ള ചാർജ്ജ് മെമ്മോകൾതീർപ്പാക്കുന്നതു സംബന്ധിച്ച് –

സൂചന:-
1) ഈ ആഫീസ്സിലെ 24/02/2016 തീയതി ആയുള്ള ഇതേനമ്പർ കത്ത്
2) ട്രാൻസ്പോർട്ട് കമ്മീഷണറുടെ തീയതിയായുള്ള പത്രക്കുറിപ്പ്

സൂചന പ്രകാരം ക്യാമറാനിരീഷണ സംവിധാനം വഴി നൽകിയിട്ടുള്ള ചാർജ്ജ് മെമ്മോകൾ തീർപ്പാക്കുന്നതു സംബന്ധിച്ച് നൽകിയ പത്രക്കുറിപ്പിന്റെ പകർപ്പ് സ്വന്തം നിലയിൽ വിവിധ മാധ്യമങ്ങൾ വഴി ആവശ്യമായ പ്രചരണം നടത്തുന്നതിനു നിർദ്ദേശിച്ചിരുന്നു. എന്നാൽ ചാർജ്ജ് മെമ്മോകൾ തീർപ്പാക്കുന്നതിനുള്ള അവസാന തീയതി 31/05/2016 വരെ നീട്ടികൊണ്ടുള്ള പത്രക്കുറിപ്പിന്റെ പകർപ്പ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത പത്രക്കുറിപ്പിനു സ്വന്തം നിലയിൽ വിവിധ മാധ്യമങ്ങൾ വഴി താങ്കളുടെ ആഫീസ്സിന്റെ അധികാരപരിധിയിൽ ആവശ്യമായ പ്രചാരണം നൽകേണ്ടതാണ്.

കൂടാതെ താങ്കളുടെ ആഫീസ്സിന്റെ അധികാര പരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളിൽ ക്യാമറാനിരീക്ഷണ സംവിധാനം വഴിനൽകിയിട്ടുള്ള ചാർജ്ജ് മെമ്മോകളിൽ മേൽ പിഴ ഒടുക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധമായ ഒരു റിപ്പോർട്ട് എല്ലാ ആഴ്ചയും അതാതു ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മാർ ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ പ്രസ്തുതറിപ്പോർട്ട് പരിശോധിച്ച് പിഴകുടിശിഖ പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തുകയും പിരിവു കാര്യക്ഷമമാക്കുവാൻ ആവശ്യമായ

നടപടികൾ സ്വീകരിക്കേണ്ടതുമാണ് .രണ്ടാഴ്ചയിലൊരിക്കൽ ഇതിന്റെ പുരോഗതിസംബന്ധമായ ഒരു റിപ്പോർട്ട് ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മാർ ഈ ആഫീസ്സി ലേക്ക് അയച്ച തരേണ്ടതാണ്

വിശ്വസ്തതയോടെ,
ഒപ്പ്
(ടോമിൻ ജെ. തച്ചങ്കരി)
ട്രാൻസ്പോർട്ട് കമ്മീഷണർ,

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

ഉള്ളടക്കം :- പിഴ ഒടുക്കാത്തവരുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ആർടിഒ/ജോയിന്റ് ആർടി ഓ മാർ പ്രസ്തുതലിസ്റ്റ് അതാതു ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മാരിൽ നിന്നും കൈപറ്റേണ്ടതാണ്